(ഡി) ഓരോ പദ്ധതിക്കുമുള്ള കരാർ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലോവർ പെരിയാർ പദ്ധതിയുടെ കൺസൾട്ടൻസി ഇനത്തിൽ 13 ലക്ഷത്തിലേറെ യു.എസ്.ഡോളറിന്റെ നഷ്ടം സംസ്ഥാന വൈദ്യുതി ബോർഡിന് വരുത്തി എന്ന ആരോപണത്തിന് മേൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 16/97 (തിരുവനന്തപുരം) നമ്പരായി രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിന്റെ അന്വേഷണ റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരിശോധനയിലാണ്.

(ബി) അന്വേഷണ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട രേഖകളുടെയും സൂക്ഷ്മ പരിശോധന പൂർത്തിയായ ശേഷമേ ഈ കേസിലെ മൂന്നാം പ്രതിയായ എസ്.എൻ.സി.ലാവലിൻ എന്ന കനേഡിയൻ കമ്പനി ഉൾപ്പെടെയുള്ള പ്രതികൾക്കെതിരെ എന്തു നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുവാൻ സാധിക്കുകയുള്ളു.

(സി&ഡി) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പ്രോജക്ടുകളുടെ നവീകരണത്തിനായി സാധനസാമഗ്രികൾക്കും കൺസൾട്ടൻസി സർവ്വീസിനു വേണ്ടി എസ്.എൻ.സി ലാവലിൻ എന്ന കമ്പനിയുമായി 24-2-1996-ൽ കരാർ ഒപ്പു വച്ചിട്ടുണ്ട്. അതിനു ശേഷം ഇവരുമായി പുതിയ കരാറുകൾ ഒപ്പു വച്ചിട്ടില്ല.

ഗാർഹികാവശ്യത്തിന് അനുവദിച്ച വൈദ്യുത കണക്ഷൻ

92 (257) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. ഗവൺമെന്റ് 1996-ൽ അധികാരത്തിലേറിയതിനു ശേഷം പുതുതായി എത്ര വൈദ്യുതി കണക്ഷനുകളാണ് ഗാർഹികാവശ്യത്തിന് നൽകിയിട്ടുള്ളതെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇനി ഓരോ ജില്ലയിലും വൈദ്യുതി കണക്ഷന് വേണ്ടിയുള്ള എത്ര അപേക്ഷകളാണുള്ളത്;

(സി) അവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഏതു തീയതി വരെ അപേക്ഷ നൽകിയിട്ടുള്ളവർക്ക് അടിയന്തിര മായി വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

	ജില്ല	എണ്ണം
(എ)	തിരുവനന്തപുരം	1,04,851 എണ്ണം
	കൊല്ലം	86,443 എണ്ണം
	പത്തനംതിട്ട	36,994 "
	കോട്ടയം	91,409 "
	ആലപ്പുഴ	64,711 "
	എറണാകുളം	1,02,951 "
	ഇടുക്കി	37,942 "
	തൃശ്ശൂർ	1,04,348 "
	പാലക്കാട്	56,980 "
	മലപ്പുറം	89,565 "
	കോഴിക്കോട്	77,877 "
	വയനാട്	22,701 "
	കണ്ണൂർ	70,722 "
	കാസർഗോഡ്	32,002 "
(ബി)	തിരുവനന്തപുരം	23,266 "
	കൊല്ലം	19,869 "
	പത്തനംതിട്ട	9,590 "
	കോട്ടയം	22,670 "
	ആലപ്പുഴ	17,376 "
	എറണാകുളം	17,970 "
	ഇടുക്കി	15,339 "
	തൃശ്ശൂർ	15,420 "
	പാലക്കാട്	34,678 "
	മലപ്പുറം	42,945 "
	കോഴിക്കോട്	32,092 "
	വയനാട്	6,858 "
	കണ്ണൂർ	24,379 "
	കാസർഗോഡ്	11,846 "

LIBRARY ARCHIVES Kerala Legislative Assembly

(സി) ആന്റ് (ഡി) ഓരോ വർഷവും വൈദ്യുതി ബോർഡ് തീരുമാനിക്കുന്ന ടാർജറ്റ് അനുസരിച്ചുള്ള വൈദ്യുതി കണക്ഷനുകൾ സമയ ബന്ധിതമായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം 30-9-1999 വരെ രജിസ്റ്റർ ചെയ്ത നോർമൽ വെതർ പ്രൂഫ് കണക്ഷനുകളും, 31-12-96 വരെ രജിസ്റ്റർ ചെയ്ത നോർമൽ ഒ.എച്ച് (ഓവർ ഹെഡ്) കണക്ഷനുകളും നല്കി വരുന്നു. മറ്റു കാറ്റഗറിയിലുള്ള സർവ്വീസ് കണക്ഷനുകൾ മുൻഗണനാ ക്രമത്തിലും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചും നല്കി വരുന്നു.

വൈദ്യുതി വില്പനയിനത്തിൽ കുടിശ്ശികയായി ബോർഡിന് ലഭിക്കേണ്ട തുക

93 (258) ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വില്പനയിനത്തിൽ കുടിശ്ശികയായി ബോർഡിന് ലഭിക്കേണ്ട തുക എത്ര ;

(ബി) ഇതിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ കുടിശ്ശിക എത്ര ;

(സി) സ്വകാര്യ മേഖലയിലെ കുടിശ്ശിക എത്ര ;

(ഡി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ?

ഉത്തരം

(എ) 30-11-1999 വരെ എച്ച്.ടി/ഇ.എച്ച്.ടി വിഭാഗത്തിൽ കുടിശ്ശിയായി 214,71,24,316 രൂപ കിട്ടാനുണ്ട്. എൽ.ടി. വിഭാഗത്തിലെ കുടിശ്ശിക 74,24,54,443 രൂപയാണ്.

(ബി) 71,37,12,737 രൂപ

(സി) 217,20,39,501 രൂപ

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃതം വൈദ്യുതി ബന്ധം വിഛേദിക്കാൻ നോട്ടീസ് നൽകുക, ഉപഭോക്താക്കളുടെ അപേക്ഷ പ്രകാരം കുടിശ്ശിക തവണകളായി അടയ്ക്കാനുള്ള അനുവാദം നൽകുക തുടങ്ങിയ വ്യവസ്ഥാപിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൻ.സി.ഡി.സി. സംസ്ഥാനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക

94 (259) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly